67 (591) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ അപ്പർ ഡിവിഷൻ ക്ലാർക്ക് സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റവന്യൂ വകുപ്പിൽ യഥാസമയം എല്ലാ തസ്തികകളിലും പ്രൊമോഷൻ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എന്നുവരെ അപ്പർ ഡിവിഷൻ ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയവരെയാണ് എച്ച്.സി./ആർ.ഐ. ആയി നിയമിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) റവന്യൂ വകുപ്പിൽ നിലവിലുള്ള അപ്പർ ഡിവിഷൻ ക്ലാർക്കു സ്പെഷ്യൽ വില്ലേജ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) യു.ഡി.ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർമാരുടെ 31-12-92 വരെയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്.

(ബി) കോടതിയിൽ നിന്നും സ്റ്റേ നൽകിയിട്ടില്ലാത്ത എല്ലാ തസ്തിക കളിലേക്കും യഥാസമയം പ്രൊമോഷൻ നടക്കുന്നുണ്ട്.

(സി) 30-6-1989 വരെ യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീ സർ ഡേറ്റ് ലഭിച്ചിട്ടുള്ളവർക്ക് ഹെഡ് ക്ലാർക്ക്/ആർ.ഐ. വില്ലേജ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) 31-12-1992 വരെയുള്ള യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബ ന്ധമായി ചേർത്തിരിക്കുന്നു.†

68 (592) എൻ.ജി.ഒ. യൂണിയന് സ്ഥലം അനുവദിച്ച നടപടി

ശ്രീ. കെ. അച്ചുതൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ജി.ഒ. യൂണിയന് തിരുവനന്തപുരം താലൂക്കിൽ കവടി യാർ വില്ലേജിൽ പത്തു സെന്റ് സ്ഥലം പതിച്ചു നൽകുകയുണ്ടായോ;

(ബി) എങ്കിൽ എന്തു വിലയ്ക്കാണ് ഭൂമി പതിച്ചു കൊടുത്തത്;

(സി) പതിച്ചുകൊടുത്ത സമയത്തെ മാർക്കറ്റ് വിലയനുസരിച്ച് പ്രസ്തുത സ്ഥലത്തിന് എന്തു വില വരുമായിരുന്നു;

(ഡി) പ്രസ്തുത ഭൂമി സൗജന്യമായി പതിച്ചു നൽകിയതെന്ത് അടി സ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly